പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3807

15.05.2017-ൽ
മറുപടിക്ക്

## വയൽ, നീർത്തട സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ഡി.കെ. മുരളി** | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) വയൽ, നീർത്തട സംരക്ഷണത്തി നായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) നെൽവയൽ / നീർത്തട സംരക്ഷണം ഉറപ്പ വരുത്തുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 12 പ്രകാരം വില്ലേജ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുള്ളതും നെൽവയലോ തണ്ണീർത്തടമോ അനധികൃതമായി രൂപാന്തര പ്പെടുത്തുന്ന പക്ഷം സെക്ഷൻ 13 പ്രകാരം ആയത് പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. കൂടാതെ നെൽവയലോ തണ്ണീർത്തടമോ അനധികൃത മായി പരിവർത്തനപ്പെടുത്തുന്ന പക്ഷം ടി പ്രദേശത്ത് പ്രവേശിക്കുന്നതിനും, നിയമ വിരുദ്ധ പ്രവർത്തികൾക്ക് ഉപയോഗിച്ച വാഹനങ്ങളും ഉപകരണങ്ങളും പിടിച്ചെടുക്കുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നൽകുന്നതിനും സെക്ഷൻ 19 പ്രകാരം വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത റവന്യൂ |

| | |
|---|---|
| | ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മുൻകാലങ്ങളിൽ അനധികൃതമായി നികത്തിയ വയലുകളും നീർത്തടങ്ങളും കണ്ടെത്തുന്നതിനും അവ പൂർവസ്ഥിതിയിലാക്കുന്നതിനും സാധ്യമായിട്ടുണ്ടോ; | (ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12.08.2008-ന് മുൻപ് അനധികൃതമായി നികത്തിയ ഭൂമികളിൻമേൽ കേരള ഭൂവിനിയോഗ ഉത്തരവ് 1967 പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഡാറ്റാ . ബാങ്ക് പൂർത്തിയാകാത്ത സ്ഥലങ്ങളിലും ഡാറ്റാബാങ്ക് തയ്യാറാക്കിയ സ്ഥലങ്ങളിൽ 2008-ന് മുമ്പ് നികത്തപ്പെട്ട സ്ഥലങ്ങളിലും സാധാരണക്കാർക്ക് വീടുവെക്കാൻ ബുദ്ധിമുട്ട് നേരിടാതിരിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്? | (സി) ഡാറ്റാ ബാങ്കിൽ/കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ ഭൂഉടമയുടെ സ്വന്തം വീട് നിർമ്മിക്കുന്നതിനു കെ.എൽ.യു ക്ലോസ് 6 പ്രകാരം പഞ്ചായത്തിൽ 10 സെന്റിലും മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റിലും വീട് നിർമ്മിക്കുന്നതിനു അനുമതി നൽകാവുന്നതാണെന്ന് സർക്കാരിന്റെ 22.12.2016-ലെ 46848/പി1/2016/റവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**